കേരള സർക്കാർ
കാർഷിക വികസന
കർഷക ക്ഷേമ വകുപ്പ്

# ഹരിതദളം

പുസ്തകം 22 | ലക്കം 12 | ഫെബ്രുവരി 28 2025

ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ ദ്വൈവാര ഇ-വാർത്ത പത്രിക


അകത്താളുകളിൽ


3 അനാരോഗ്യകരമായ ഭക്ഷണശീലവും ജീവിതശൈലിയും രോഗാതുരമായ ഒരു ജനതയെ സൃഷ്ടിക്കുന്നു– കൃഷി മന്ത്രി പി. പ്രസാദ്

4 കൃഷിവകുപ്പിന്റെ നേതൃത്വത്തിൽ നടക്കുന്ന വിത്ത് ഉത്സവത്തിന്റെ ഭാഗമായി യുവകർഷകസംഗമം

6 ആലുവ ഫാമിനെ രാജ്യത്തെ ഏറ്റവും മികച്ച ഫാമാക്കും : കൃഷിമന്ത്രി


## 10 കെ.എഫ്.പി.ഒ മേള കൃഷി വകുപ്പ് മന്ത്രി ശ്രീ. പി. പ്രസാദ് ഉദ്ഘാടനം ചെയ്തു



കേരളത്തിലെ അഗ്രി ബിസിനസ് സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും കാർഷിക മേഖലയെ പിന്തുണയ്ക്കുന്നതിനുമായുള്ള 10 കെ. എഫ്. പി. ഒ. മേളയുടെ ഔപചാരികമായ ഉദ്ഘാടനം കൃഷിവകുപ്പ് മന്ത്രി ശ്രീ. പി. പ്രസാദ് നിർവഹിച്ചു.

കാർഷിക മേഖലയിൽ കർഷകൻ നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി ന്യായമായ വില കാർഷിക ഉത്പന്നങ്ങൾക്ക് പലപ്പോഴും ലഭിക്കാറില്ല എന്നതാണ്. ഇടനിലക്കാരുടെ ശക്തമായ ഇടപെടലുകൾ മൂലം ലാഭകരമായി കൃഷി ചെയ്യാൻ പലപ്പോഴും കൃഷിക്കാർക്ക് സാധിക്കാറില്ല. കാർഷിക വിഭവങ്ങൾ ഏറെക്കാലം സൂക്ഷിച്ചു വയ്ക്കാൻ കഴിയാത്തതുകൊണ്ട്, ഈ അവസ്ഥയെ ഇടനിലക്കാർ പലപ്പോഴും ചൂഷണം ചെയ്യുകയാണ്. ഇതിന് പരിഹാരം കാണുന്നതിനായി വിവിധ പദ്ധതികൾ ആണ് കൃഷിവകുപ്പ് ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ പോകുന്നത്. ഇതിനായി വാല്യൂ ആഡഡ് അഗ്രികൾച്ചറൽ മിഷൻ എന്ന പദ്ധതിക്ക് സർക്കാർ രൂപം കൊടുത്തിട്ടുണ്ട്. കാർഷികോല്പന്നങ്ങളെ മൂല്യ വർദ്ധിത ഉൽപന്നങ്ങൾ ആക്കി വിപണനം ചെയ്യുന്നതിന് ആവശ്യമായ എല്ലാ സാമ്പത്തിക സാങ്കേതിക സഹായങ്ങളും നൽകി കൃഷിക്കാരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ കൃഷിവകുപ്പ് ആരംഭിച്ചിട്ടുണ്ട്. "കേരളഗ്രോ "എന്ന ബ്രാൻഡിൽ ഏതൊരു കർഷകനും തന്റെ കാർഷിക ഉൽപന്നങ്ങളെ ഗുണമേന്മയുള്ള മൂല്യ വർദ്ധിത ഉൽപന്നങ്ങൾ ആക്കി ലോകമെമ്പാടും വിപണനം ചെയ്യുന്നതിനുള്ള സംവിധാനം ഇന്ന് സർക്കാർതലത്തിൽ കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ നിലവിൽ വന്നിട്ടുണ്ട്.

കർഷകന്റെ വരുമാനം ഇരട്ടിയാക്കുക എന്നതാണ് പ്രാഥമിക ലക്ഷ്യം. ഉൽപാദനം മുതൽ വിപണനം വരെയുള്ള എല്ലാ ഘടകങ്ങളെയും ഒരൊറ്റ കുടക്കീഴിൽ കൊണ്ടുവരുന്നതിനായി


ചീഫ് എഡിറ്റർ - ഹരിപ്രിയ ദേവി വി.വി.
എഡിറ്റർ - ഡോ. ബിന്ദ ഹാരിയറ്റ് ഐവൻ
അസോസിയേറ്റ് എഡിറ്റർ - മന കെ.ജി.
അസിസ്റ്റന്റ് എഡിറ്റർ - സുജിത്ത് എസ്.എസ്.

ങ്ങളും കൃഷിയിലേക്ക് എന്ന പദ്ധതി വഴി കൃഷിക്കൂട്ടങ്ങളുടെ രൂപീകരണവും, കൃഷിക്കൂട്ടങ്ങളുടെ കാർഷിക ഉൽപ്പന്നങ്ങൾ മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ ആക്കി കേരളഗ്രോ എന്ന ഒരൊറ്റ ബ്രാൻഡിൽ ഉള്ള നിർമ്മാണവും കേരള അഗ്രോ ബിസിനസ് കമ്പനി (കാബ്കോ ) മുഖേന ഇവയുടെ വിപണനവും വിഭാവനം ചെയ്തിട്ടുണ്ട്. ഇത് ഇന്ത്യയിൽ തന്നെ കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള ഒരു മാതൃകാ പ്രവർത്തനമാണ്. മന്ത്രി പറഞ്ഞു.

കർഷകർ,അഗ്രി ബിസിനസ് വിദഗ്ധർ, കർഷക സംഘങ്ങൾ, വ്യവസായ പ്രമുഖർ എന്നിവർക്കിടയിൽ പരസ്പര സഹകരണവും പങ്കാളിത്തവും വളർത്തുന്നതിനായുള്ള ബി ടു ബി മീറ്റും സുസ്ഥിര കാർഷിക രീതികൾ പ്രോത്സാഹിപ്പിക്കുന്നതിനും വിപണി ബന്ധം മെച്ചപ്പെടുത്തുന്നതിനും ചെറുകിട കർഷകർ, കർഷക ഗ്രൂപ്പുകൾ, ഫാർമർ പ്രൊഡ്യൂസർ കമ്പനികൾ,അഗ്രി ബിസിനസ് പ്ലെയേഴ്സ് എന്നിങ്ങനെ മൂല്യ വർദ്ധന ശൃംഖലയിലെ വിവിധ തലങ്ങളെ ഒരുമിപ്പിച്ചുകൊണ്ട് സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനും കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും ആയി മേള ലക്ഷ്യമിടുന്നു. ലോകബാങ്ക് സഹായത്തോടെ നടപ്പാക്കുന്ന കേര പദ്ധതിയിലെ ഉത്പാദന സഖ്യ സംരംഭം ഈ മേളയിലൂടെ പരിചയപ്പെടുത്തുന്നു.

കേന്ദ്രസർക്കാർ സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ് കൺസോർഷ്യം ( എസ് എഫ്. എ.സി.) വഴി നടപ്പിലാക്കുന്ന പതിനായിരം എഫ്.പി.ഒ പദ്ധതിക്ക് കീഴിൽ സ്ഥാപിതമായ എഫ്. പി. ഒ കളുടെ സുസ്ഥിരതയും പ്രവർത്തനക്ഷമതയും ഉറപ്പാക്കുന്നതിനുള്ള ഒരു സുപ്രധാന ചുവടുവയപ്പാണ് ഈ മേള. കേരളത്തിലെ അഗ്രി ബിസിനസുകളെ പ്രോത്സാഹിപ്പിക്കുന്നതിനും കാർഷിക മേഖലയെ ഊർജ്ജപ്പെടുത്തുന്നതിനും ഈ മേള സഹായകമാകും. സംസ്ഥാനത്തെ എല്ലാ ജില്ലകളിൽ നിന്നുമായി 55 ഓളം എഫ്. പി.ഒ സ്റ്റാളുകളും ഫുഡ് കോർട്ടുകളും നവ സംരംഭകർക്കായി വിദഗ്ധർ നയിക്കുന്ന സെമിനാറുകളും മേളയുടെ ഭാഗമായി ഒരുക്കിയിട്ടുണ്ട്. മേളയോട് അനുബന്ധിച്ച് എല്ലാ ദിവസവും കലാപരിപാടികളോടുകൂടിയ കലാസന്ധ്യയും ഉണ്ടായിരിക്കും.

കോഴിക്കോട് സരോവരം ബയോപാർക്കിന് സമീപമുള്ള കാലിക്കറ്റ് ട്രേഡ് സെന്ററിൽ വച്ച് നടന്ന 10 കെ എഫ് പി ഒ മേളയുടെ ഉദ്ഘാടന ചടങ്ങിൽ കോഴിക്കോട് എം.എൽ.എ. തോട്ടത്തിൽ രവീന്ദ്രൻ അധ്യക്ഷത വഹിച്ചു. സെൻട്രൽ എസ്. എഫ്.എ.സി. കോഡിനേറ്റർ ഉത്തം കുമാർ സിംഗ്, കാബ്ക്കോ അഡീഷണൽ മാനേജിംഗ് ഡയറക്ടർ സാജു കെ സുരേന്ദ്രൻ ഐ. ഇ.എസ് എന്നിവർ മുഖ്യപ്രഭാഷണം നടത്തി. ഉല്പാദന സഖ്യങ്ങൾക്കുള്ള അവസരങ്ങൾ -ഒരു അവലോകനം എന്ന വിഷയത്തെ ആസ്പദമാക്കി കേര(KERA) ലോകബാങ്ക് പ്രോജക്ട് സേഫ് ഗാർഡ് സ്പെഷലിസ്റ്റ് ഡോ എസ്.യമുനയും വാണിജ്യ പങ്കാളിത്തവും സഹകരണവും വളർത്തുന്നതിന് ബിസിനസ് ടു ബിസിനസ് ഇടപെടലുകൾ എന്ന വിഷയത്തെ ആസ്പദമാക്കി പി. പി.എം. സെൽ കൃഷി അസിസ്റ്റന്റ് ഡയറക്ടർ സുരേഷ് തമ്പിയും ക്ലാസുകൾ എടുത്തു. ഡെപ്യൂട്ടി അഗ്രികൾച്ചറൽ മാർക്കറ്റിംഗ് അഡ്വൈസർ (ഗവൺമെന്റ് ഓഫ് ഇന്ത്യ) ഡോ. അനിൽകുമാർ, കോഴിക്കോട് പ്രിൻസിപ്പൽ കൃഷി ഓഫീസർ സപ്ന എസ്, അഗ്രികൾച്ചറൽ അറബൻ ഹോൾസെയിൽ മാർക്കറ്റ് സെക്രട്ടറി സൂസമ്മ ജോർജ് എന്നിവർ ആശംസകൾ അറിയിച്ചു. എസ്. എഫ്.എ.സി കേരള മാനേജിംഗ് ഡയറക്ടർ ബീനമോൾ ആന്റണി സ്വാഗതവും കോഴിക്കോട് ആത്മ ഡെപ്യൂട്ടി പ്രോജക്ട് ഡയറക്ടർ സീമ ബി.ജെ നന്ദിയും പറഞ്ഞു.



# അനാരോഗ്യകരമായ ഭക്ഷണശീലവും ജീവിതശൈലിയും രോഗാതുരമായ ഒരു ജനതയെ സൃഷ്ടിക്കുന്നു – കൃഷി മന്ത്രി ശ്രീ. പി. പ്രസാദ്

മലയാളികളുടെ അനാരോഗ്യകരമായ ഭക്ഷണ ശീലവും ജീവിതശൈലിയും രോഗാതുരമായ ഒരു ജനതയെ സൃഷ്ടിച്ചു കൊണ്ടിരിക്കുകയാണ്. കൃഷിമന്ത്രി ശ്രീ. പി. പ്രസാദ് പറഞ്ഞു. തൃത്താല വി.കെ കടവ് ലൂസൈയിൽ പാലസിന് സമീപം കൃഷി സമൃദ്ധി പദ്ധതിയുടെ സംസ്ഥാന തല ഉദ്ഘാടനം നിർവഹിച്ചുകൊണ്ട് സംസാരിക്കുകയായിരുന്നു മന്ത്രി.



പുതിയ ഭക്ഷണ സംസ്കാരം, അനാരോഗ്യകരമായ ജീവിതശൈലി എന്നിവ ഇന്ന് മലയാളികൾക്കിടയിൽ വ്യാപകമായിരിക്കുന്നു. ഇത് രോഗാതുരമായ ഒരു ജനതയെ സൃഷ്ടിക്കും എന്നുള്ളതുകൊണ്ട് സർക്കാർ ഇതിനെ ഗൗരവതരമായി കാണുന്നു. വിഷവും മായവും കലർന്ന ഭക്ഷ്യ പദാർത്ഥങ്ങളിൽ നിന്ന് മലയാളി പിൻതിരിയേണ്ടതുണ്ട്. കൃഷി സമൃദ്ധി പദ്ധതി അതിനെ കൂടി ലക്ഷ്യം ചെയ്തു കൊണ്ടുള്ളതാണ്.



ഞങ്ങളും കൃഷിയിലേക്ക് എന്ന പദ്ധതിയുടെ ഭാഗമായി രൂപീകരിക്കപ്പെട്ട കൃഷിക്കൂട്ടങ്ങളുടെയും കർഷകോല്പാദക സംഘങ്ങളുടെയും നേതൃത്വത്തിൽ സമഗ്ര കാർഷിക വികസനത്തിനായി സംസ്ഥാന കൃഷിവകുപ്പ് നടപ്പിലാക്കുന്ന ഒരു പുത്തൻ സമീപനമാണ് കൃഷിസമൃദ്ധി. നൂറ്റി ഏഴ് പഞ്ചായത്തുകളിൽ ആണ് ആദ്യഘട്ടത്തിൽ കൃഷി സമൃദ്ധി പദ്ധതി നടപ്പിലാക്കുന്നത്.

കാർഷിക മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമാക്കി കൃഷിവകുപ്പിന്റെയും തദ്ദേശസ്വയംഭരണ വകുപ്പിന്റെയും സംയുക്ത നേതൃത്വത്തിൽ മറ്റു വകുപ്പുകളുടെയും ഏജൻസികളുടെയും വിഭവ സംയോജനത്തിലൂടെയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

ഈ പദ്ധതി പ്രകാരം ഓരോ ഭൂപ്രദേശവും ആ പ്രദേശത്തിന് ആവശ്യമായ ഭക്ഷണം ഉത്പാദിപ്പിക്കുന്നതിനുള്ള ഇടപെടൽ നടത്തുന്നതിനുള്ള കർമ്മ പദ്ധതി ആവിഷ്കരിച്ചിരിക്കുന്നു. ഇതിലൂടെ ഓരോ പ്രദേശത്തെയും തരിശുനിലങ്ങൾ വിളകൾ ഇറക്കി ഹരിതാഭമാക്കും. പഴം, പച്ചക്കറി മറ്റ് ധാന്യ-നാണ്യവിളകൾ എന്നിവ ജൈവ രീതിയിൽ ഉത്പാദിപ്പിക്കും. പച്ചക്കറി പഴം കിഴങ്ങുവർഗ്ഗവിളകൾ എന്നിവയിൽ കേരളം ഉടൻതന്നെ സ്വയം പര്യാപ്തത കൈവരിക്കും. ഓരോ പ്രദേശത്തിന്റെയും ജൈവ സമ്പത്ത്, കാലാവസ്ഥ, കൃഷിയിടത്തിന്റെ പ്രത്യേകത, ജല ലഭ്യത, മണ്ണിന്റെ ഘടന എന്നിവയ്ക്ക് അനുസരിച്ച് യന്ത്രവൽക്കരണവും പരിശീലനം ലഭിച്ച കർഷകത്തൊഴിലാളികളുടെ സാന്നിധ്യവും ഉറപ്പുവരുത്തിക്കൊണ്ട് കൃഷിവകുപ്പിന്റെ നേതൃത്വത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പിന്റെയും മറ്റു അനുബന്ധ വകുപ്പുകൾ എന്നിവയുടെ സഹകര



ണത്തോടെയും ഈ പദ്ധതി പ്രകാരം കൃഷി ഇറക്കും. സുസ്ഥിര തൃത്താല, കൃഷി സമൃദ്ധി എന്നീ പദ്ധതികളെ സംയോജിപ്പിച്ചുകൊണ്ട് ഒരു സമഗ്രമായ കാർഷിക വികസനത്തിനാണ് കൃഷിവകുപ്പ് പദ്ധതി തയ്യാറാക്കിയിരിക്കുന്നത്.

സുസ്ഥിര തൃത്താല – കൃഷി സമൃദ്ധി പദ്ധതിക്ക് ആവശ്യമായ തുക കേര പദ്ധതിയിൽ നിന്ന് അനുവദിക്കും. മന്ത്രി ഈ പ്രസാദ് പറഞ്ഞു.

ചടങ്ങിൽ മുതിർന്ന കർഷകരായ രാമചന്ദ്രൻ ചൂണ്ടയിൽ, ദേവദാസ് കമലാലയത്തിൽ, കർഷകത്തൊഴിലാളികളായ പരിയാണി തടത്തിൽ, ഉഷ ഇടപ്പലം എന്നിവരെ ആദരിച്ചു. മന്ത്രിമാരായ ശ്രീ. പി പ്രസാദ്, ശ്രീ. എം ബി രാജേഷ് എന്നിവരുടെ നേതൃത്വത്തിൽ സമീപ പ്രദേശത്ത് പച്ചക്കറി തൈ നടീൽ നടന്നു.

തദ്ദേശ സ്വയംഭരണ എക്സൈസ് പാർലമെന്ററി കാര്യവകുപ്പ് മന്ത്രി ശ്രീ. എം ബി രാജേഷ് അധ്യക്ഷത വഹിച്ച ചടങ്ങിൽ കൃഷി അഡീഷണൽ ഡയറക്ടർ (പ്ലാനിങ്) സെലീനാമ്മ കെ.പി സ്വാഗതം പറഞ്ഞു. ഷോർണൂർ എം. എൽ. എ മമ്മിക്കുട്ടി പി, പാലക്കാട് പ്രിൻസിപ്പൽ കൃഷി ഓഫീസർ സിന്ധു ദേവി പി, പാലക്കാട് ജില്ല പഞ്ചായത്ത് പ്രസിഡണ്ട് ബിന്ദു മോൾ,തൃത്താല ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് റജീന വി പി എന്നിവർ ആശംസകൾ അറിയിച്ചു. മറ്റ് ത്രിതല പഞ്ചായത്ത് ജനപ്രതിനിധികൾ വിവിധ രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ കർഷകർ എന്നിവർ പരിപാടിയിൽ പങ്കെടുത്തു.

# കൃഷിവകുപ്പിന്റെ നേതൃത്വത്തിൽ നടക്കുന്ന വിത്ത് ഉത്സവത്തിന്റെ ഭാഗമായി യുവകർഷകസംഗമം

സംസ്ഥാന കൃഷിവകുപ്പിന്റെ നേതൃത്വത്തിൽ നടക്കുന്ന വിത്ത് ഉത്സവത്തിന്റെ ഭാഗമായി യുവകർഷകസംഗമം പി പി സ്വാതന്ത്ര്യം സ്മാരക കമ്മ്യൂണിറ്റി ഹാളിൽ നടന്നു. ജനകീയ ആസൂത്രണം വരുന്നതിനു മുന്നേ തന്നെ കൃഷിയിൽ ഏറ്റവും മികച്ച മാതൃക തീർത്ത പഞ്ചായത്ത് ആണ് കഞ്ഞിക്കുഴി എന്നതിനാൽ കേരളത്തിലെ ആദ്യപരമ്പരാഗത വിത്ത് ഉത്സവ വേദിയായി കഞ്ഞിക്കുഴി തന്നെയാണ് ഏറ്റവും ഉചിതമായ സ്ഥലം എന്നും ഉദ്ഘാടനം നിർവഹിച്ചുകൊണ്ട് ആലപ്പുഴ ജില്ലാ പഞ്ചായത്ത് മുൻ പ്രസിഡന്റ് ആർ നാസർ പറഞ്ഞു. പാരമ്പര്യ കർഷകരും യുവകർഷകരും ഉത്പാദനത്തിലും വിപണത്തിലും മികച്ച മാതൃകയാണ് കഞ്ഞിക്കുഴിയിൽ തീർക്കുന്നതെന്നും അദ്ദേഹം പറഞ്ഞു. കൃഷി വകുപ്പ് മന്ത്രി ശ്രീ. പി. പ്രസാദ് അധ്യക്ഷത വഹിച്ച ചടങ്ങിൽ യുവകർഷകരായ എസ് പി സുജിത്ത് സാനുമോൻ, കഞ്ഞിക്കുഴി പഞ്ചായത്ത് പ്രസിഡന്റ് ഗീത കാർത്തികയൻ, വൈസ് പ്രസിഡന്റ് അഡ്വ എം സന്തോഷ് കുമാർ, ജില്ലാ കൃഷി ഓഫീസർ സി അമ്പിളി, കൃഷി അസിസ്റ്റന്റ് ഡയറക്ടർ ജി വി റെജി, വാർഡ് മെമ്പർ ഫെയ്സി വി ഏറനാട്, കെ കെ കുമാരൻ പാലിയേറ്റിവ് ചെയർമാൻ എസ് രാധാകൃഷ്ണൻ, കഞ്ഞിക്കുഴി 1558 SCB പ്രസിഡന്റ് കെ എൻ കാർത്തികേയൻ, കർഷകമിത്ര ടി എസ് വിശ്വൻ, കരുതൽ കൃഷിക്കൂട്ടം അംഗങ്ങൾ, കർഷകർ തുടങ്ങിയവർ പങ്കെടുത്തു.

കഞ്ഞിക്കുഴി സിഡിഎസ് ഹാളിൽ നടന്ന സെമിനാർ ആര്യാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ ഡി മഹീന്ദ്രൻ ഉദ്ഘാടനം ചെയ്തു. പരിസ്ഥിതി



സംരക്ഷണത്തിന് ആദിവാസി കൃഷി രീതികളുടെ പങ്ക് എന്ന വിഷയത്തിൽ അതിരപ്പള്ളി ട്രൈബൽ വാലി പ്രൊജക്റ്റ് ഡെപ്യൂട്ടി ഡയറക്ടർ സാലുമോൻ എസ് എസ്, അട്ടപ്പാടി കൃഷി അസിസ്റ്റന്റ് ഡയറക്ടർ രേഖ സി ആർ, ആദിവാസി മേഖലയിലെ ചെറുധാന്യ കൃഷിയുടെ സാധ്യതകൾ എന്ന് വിഷയത്തിൽ തിരുവനന്തപുരം കൃഷി ഡെപ്യൂട്ടി ഡയറക്ടർ ലത ശർമ എന്നിവർ വിഷയങ്ങൾ അവതരിപ്പിച്ചു. കോട്ടയം കെ വി കെ ഹെഡ് ഡോ.ജയലക്ഷ്മി, കഞ്ഞിക്കുഴി ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് ബിജി അനിൽകുമാർ തുടങ്ങിയവർ പങ്കെടുത്തു.

ഉച്ചയ്ക്ക് നടന്ന വനിത കർഷക സംഗമം അരൂർ എംഎൽഎ ദിലീമ ജോജോ ഉദ്ഘാടനം ചെയ്തു. കേരളപ്രഭ അവാർഡ് ജേതാവ് പി ഭുവനേശ്വരി, സംസ്ഥാന യുവകർഷക അവാർഡ് ജേതാവ് രേഷ്മ സുമേഷ്, വിവിധ ജില്ലകളിൽ എത്തിയ കർഷകർ തുടങ്ങിയവർ പങ്കെടുത്തു. പരമ്പരാഗത വിത്തുകളുടെ




പുനരുജ്ജീവനം ഗോത്ര സമൂഹങ്ങളിലൂടെ എന്ന വിഷയത്തിൽ കഞ്ഞിക്കുഴി സി. ഡി. എസ്സ് ഹാളിൽ നടന്ന സെമിനാർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് മേരി ടെൽഷ്യ വി ഉദ്ഘാടനം ചെയ്തു. ചിന്നാർ വന്യജീവി സങ്കേതം സോഷ്യോളജിസ്റ്റ് ധനുഷ്കോടി വിഷയം അവതരിപ്പിച്ചു. വിജയ് കേരള വന ഗവേഷണ സ്ഥാപനം ഡയറക്ടർ ഡോ കണ്ണൻ സി എസ് വാര്യർ, മറയൂർ ഡിവിഷൻ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ സുഹൈബ് പി ജെ, പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് ആർ ജീവൻ തുടങ്ങിയവർ പങ്കെടുത്തു.

# കിടാരി പാർക്ക് കേരളത്തിൽ ആരംഭിക്കും: മന്ത്രി ശ്രീമതി. ജെ. ചിഞ്ചുറാണി

പത്ത് കിടാരി പാർക്കുകൾ കേരളത്തിൽ ആരംഭിക്കുമെന്ന് മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പ് മന്ത്രി ശ്രീമതി. ജെ.ചിഞ്ചു റാണി പറഞ്ഞു. മലപ്പുറം ജില്ല ക്ഷീര കർഷക സംഗമം- ജീവനീയം- പൊതുസമ്മേളനം ഉദ്ഘാടനം ചെയ്തുകൊണ്ട് സംസാരിക്കുകയായിരുന്നു മന്ത്രി.

ക്ഷീര കർഷകരുടെ ക്ഷേമം മുൻനിർത്തി വിവിധ പദ്ധതികൾ ഗവൺമെന്റ് നടപ്പിലാക്കി വരുന്നുണ്ട്. ഉരുക്കൾ വാങ്ങുന്നതിനായി പലിശരഹിത ലോണുകൾ, സബ്സിഡികൾ എന്നിവ മൃഗസംരക്ഷണ വകുപ്പ് കൊടുക്കുന്നുണ്ട് ഇതിന്റെ ഗുണം പരമാവധി കർഷകർ പ്രയോജനപ്പെടുത്തണം.

ക്ഷീര കർഷകർ പശുക്കളെ ഇൻഷുറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതോടൊപ്പം തന്നെ ക്ഷീര സാന്ത്വനം പദ്ധതിയിൽ അംഗമാകണം. അത്യുഷ്ണം മൂലമോ മറ്റ് അത്യാഹിതം മൂലമോ പശു



ക്കൾ മരണപ്പെട്ടാൽ പതിനായിരം രൂപ മുതൽ മുപ്പത്തി അയ്യായിരം രൂപ വരെ ധനസഹായം ലഭ്യമാണ്. ക്ഷീര സാന്ത്വനം പദ്ധതി പ്രകാരം അത്യാഹിതങ്ങളിൽ പെടുന്ന ക്ഷീരകർഷകർക്ക് 2 ലക്ഷം രൂപയും മരണം സംഭവിക്കുകയാണെങ്കിൽ 7 ലക്ഷം രൂപ വരെയും ധനസഹായം ലഭിക്കും.

പശുക്കൾക്ക് ആരോഗ്യ കാർഡ് നൽകുന്ന സംവിധാനം സംസ്ഥാനത്തെ നിലവിൽ വന്നിട്ടുണ്ട് ഇതുമൂലം പശുവിന്റെ ഉടമസ്ഥനെ തിരിച്ചറിയുന്നതിനും പശുക്കൾക്ക് എടുത്ത കുത്തിവെപ്പുകൾ ഉൾപ്പെടെയുള്ള ആരോഗ്യ കാര്യങ്ങൾ തിരിച്ചറിയുന്നതിനും സാധിക്കും. മന്ത്രി കൂട്ടിച്ചേർത്തു. മലപ്പുറം കാട്ടുമുണ്ട തോട്ടത്തിൽ കൺവെൻഷൻ സെന്ററിൽ വച്ച് ചേർന്ന പൊതു മലപ്പുറം ജില്ലാ സമ്മേളനത്തിൽ ജില്ല പഞ്ചായത്ത് പ്രസിഡണ്ട് റഫീഖ അധ്യക്ഷത വഹിച്ചു. ജില്ലാ ക്ഷീരകർഷക സംഗമം ചെയർമാൻ സണ്ണി



ജോസഫ് സ്വാഗത പറഞ്ഞു. പശുക്കളുടെ പോഷണവും സംരക്ഷണവും എന്ന വിഷയത്തിൽ നടത്തിയ സെമിനാർ വണ്ടൂർ എം.എൽ.എ. അനിൽകുമാർ എ.പി. ഉദ്ഘാടനം ചെയ്തു. മൃഗസംരക്ഷണ വകുപ്പ് റിട്ട. ഡെപ്യൂട്ടി ഡയറക്ടർ ഡോ. ഹാറൂൺ അബ്ദുൽ റഷീദ് ക്ലാസ് എടുത്തു. തിരുവനന്തപുരം സ്റ്റേറ്റ് ഡയറി ലാബ് ക്വാളിറ്റി മാനേജറും ജോയിൻ ഡയറക്ടറുമായ ഷീബാ ഖമർ പരിപാടി മോഡറേറ്റ് ചെയ്തു. ത്രിതല പഞ്ചായത്ത് ജനപ്രതിനിധികൾ ആശംസകൾ അറിയിച്ചു. ക്ഷീര സഹകാരികൾ, ക്ഷീര സംരംഭകർ, ശാസ്ത്ര സാങ്കേതിക വിദഗ്ധർ എന്നിവർ പരിപാടിയിൽ പങ്കെടുത്തു.

# ആലുവ ഫാമിനെ രാജ്യത്തെ ഏറ്റവും മികച്ച ഫാമാക്കും : കൃഷിമന്ത്രി

ഇന്ത്യയിലെ ആദ്യ കാർബൺ ന്യൂട്രൽ ഫാമായ ആലുവ സ്റ്റേറ്റ് സീഡ് ഫാമിനെ എല്ലാ അർഥത്തിലും രാജ്യത്തെ ഒന്നാം നമ്പർ ഫാമാക്കി മാറ്റുമെന്ന് കൃഷിമന്ത്രി ശ്രീ. പി. പ്രസാദ് പറഞ്ഞു. സംസ്ഥാന കൃഷിവകുപ്പ് നബാർഡ് ആർ ഐ ഡി എഫ് പദ്ധതിക്ക് കീഴിൽ ഫാമിൽ നടത്തുന്ന സമഗ്ര അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങളുടെ നിർമ്മാണോദ്ഘാടനം നിർവ്വഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി.

**ആധുനിക കൃഷിരീതികൾ**

പരീക്ഷണാടിസ്ഥാനത്തിൽ ആദ്യം നടപ്പാക്കുന്നത് കർഷന്റെ കൃഷിയിടത്തിൽ ആകരുത്. ഫാമുകളിൽ പുത്തൻ കൃഷിരീതികൾ പരീക്ഷണ അടിസ്ഥാനത്തിൽ നടത്തുകയും , അതിന്റെ പ്രായോഗികതലത്തിലുള്ള പ്രയോഗങ്ങൾ കണ്ട് മനസ്സിലാക്കുവാൻ കർഷകന് അവസരമൊരുക്കുകയും വേണം .ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ മിതമായ വിലയിൽ കർഷകർക്ക് ലഭ്യമാക്കുന്നതിലൂടെ



ചൂഷണത്തിൽ നിന്നും ഫാമുകൾ കർഷകരെ സംരക്ഷിക്കുന്നു.

ഈ ഫാമുകളെ നിധി കാക്കുന്നത് പോലെ നമ്മൾ സംരക്ഷിക്കണമെന്നും മന്ത്രി പറഞ്ഞു. ജില്ലാ പഞ്ചായത്ത് കൃഷിഫാമുകളുടെ കാര്യത്തിൽ നല്ല ശ്രദ്ധ പുലർത്തുന്നുണ്ട്. കൊച്ചിൻ ഷിപ്പ്യാർഡിൻ്റെ പൊതുനന്മ ഫണ്ട് ഉപയോഗിച്ച് ഫാമിലെക്ക് അനുവദിച്ച ബോട്ട് ഉടൻ തന്നെ ലഭിക്കുമെന്നും അദ്ദേഹം പറഞ്ഞു. വലിയ അളവിലുള്ള ഭക്ഷ്യവസ്തുക്കൾ ആവശ്യമായി വരുന്ന കാലമാണ് വരുന്നത്. സാധ്യമായ എല്ലാ ഇടങ്ങളിലും കൃഷി ആരംഭിക്കണമെന്നും ഒരിഞ്ച് ഭൂമി പോലും തരിശിടാതെ കൃഷിയോഗ്യമാക്കി മാറ്റണമെന്നും മന്ത്രി പറഞ്ഞു.




7.74 കോടി രൂപ അടങ്കൽ തുക വരുന്ന അടിസ്ഥാന സൗകര്യ വികസന പ്രവർത്തിയിൽ ത്രുക്ക്പാലം, ഫെൻസിങ്, ഫാം റോഡ്, കോൺഫറൻസ് ഹാൾ, മത്സ്യക്കുളം, തൊഴിലാളികൾക്കായുള്ള വിശ്രമ മുറി, തൊഴുത്തുകൾ എന്നിവ ഉൾപ്പെട്ടിട്ടുണ്ട്. കെഎൽഡിസി യാണ് പദ്ധതി നടപ്പിലാക്കുന്നത്.



അൻവർ സാദത്ത് എംഎൽഎ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ ബെന്നി ബഹനാൻ എം പി മുഖ്യാതിഥി ആയിരുന്നു. ജില്ലാ പഞ്ചായത്ത് പ്രസിഡൻ്റ് മനോജ് മൂത്തേടൻ , ആലുവ നഗരസഭ ചെയർമാൻ എം ഒ ജോൺ, ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡൻ്റ് എൽസി ജോർജ്ജ്, ചെങ്ങമനാട് ഗ്രാമ പഞ്ചായത്ത് പ്രസിഡൻ്റ് ജയ മുരളീധരൻ, ജില്ലാ പഞ്ചായത്ത് വികസനകാര്യ സ്റ്റാൻ്റിംഗ് കമ്മിറ്റി ചെയർമാൻ സാനിത റഹീം, ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻ്റിംഗ് കമ്മിറ്റി ചെയർമാൻ എം ജെ ജോമി, മുൻ ജില്ലാ പഞ്ചായത്ത് പ്രസിഡൻ്റ് ഉല്ലാസ്, ജില്ലാ പഞ്ചായത്തംഗം ശാരദ മോഹൻ, ജില്ലാ കൃഷി ഓഫീസർ ഷേർളി സഖറിയാസ്, ഫാം സൂപ്രണ്ട് ലിസിമോൾ ജെ വടക്കൂട്ട് എന്നിവർ പങ്കെടുത്തു. തുടർന്ന് ഫാമിലെ തൊഴിലാളികൾ നാടൻനൃത്തം അവതരിപ്പിച്ചു.




സഹകരണ എക്സ്പോ 2025 സ്വാഗതസംഘം രൂപീകരണ യോഗം

## കാർഷിക നിർദ്ദേശങ്ങൾ



# കവുങ്ങ്

### പൂങ്കുല കരിച്ചിൽ

- ഉയർന്ന താപ ആർദ്ര സ്ഥിതി തുടരുന്നതിനാൽ സാധ്യത രോഗം കാണുകയാണെങ്കിൽ ഹെക്സകൊണസോൾ 1 മില്ലി /ലിറ്റർ അല്ലെങ്കിൽ ബോർഡോ മിശ്രിതം 1 % എന്ന തോതിൽ തളിച്ച് കൊടുക്കുക.



# വെണ്ട

### തുതുരപ്പൻ

- വേപ്പെണ്ണ മിശ്രിതം 5 ശതമാനം 15 ഓ 20 ദിവസം ഇടവേളകളിൽ തളിച്ച് കൊടുക്കുക. അല്ലെങ്കിൽ, ക്വിനാൽഫോസ് 2 മില്ലി ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക



# പയർ

### മുഞ്ഞ

- വെളുത്തുള്ളി വേപ്പെണ്ണ മിശ്രിതം 3% വീര്യത്തിൽ അല്ലെങ്കിൽ ഡൈമെത്തോയേറ്റ് 2 മില്ലി/ലി തളിക്കുക.

ഫോൺ : 0471 2317314, 2314358, 2318186, e-mail : piofibtvm@gmail.com, harithadalam@gmail.com
Published by Haripriya Devi V.V., Principal Information Officer for Farm Information Bureau, Kowdiar P.O., Tvpm-3. Govt. of Kerala;
Editor: Dr. Binu Harriet Ivan., Design & Layout : Maya Santhosh